# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 1382** **30.09.2011- ൽ മറുപടിക്ക്**

## കൃഷി അസിസ്റ്റന്റുമാരുടെ നിയമനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റ്റി.വി.രാജേഷ് | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) നിലവിൽ കൃഷി വകുപ്പിനു കീഴിൽ എത്ര സീനിയർ ഗ്രേഡ് കൃഷി അസിസ്റ്റന്റുമാർ ജോലി ചെയ്യുന്നുണ്ട്; | (എ) 594 |
| (ബി) സീനിയർ ഗ്രേഡ് കൃഷി അസിസ്റ്റന്റ് തസ്തികയുള്ള കൃഷി ഭവനുകൾ എത്ര; അവിടെ എത്ര സീനിയർ ഗ്രേഡ് കൃഷി അസിസ്റ്റന്റുമാരുടെ ഒഴിവുകൾ നിലവിലുണ്ട്; അവർക്ക് ശമ്പള കമ്മീഷൻ നിർദ്ദേശിച്ച അസിസ്റ്റന്റ് കൃഷി ഓഫീസർ എന്ന പേര് നൽകുന്നതിനുള്ള തടസ്സമെന്താണ്; | (ബി) നിലവിലുള്ള സംവിധാനമനുസരിച്ച് കൃഷി ഭവനുകളിൽ കൃഷി അസിസ്റ്റന്റുമാരുടെ ഗ്രേഡ് തിരിച്ചുള്ള തസ്തികകൾ നിലവിലില്ല. ആയതിനാൽ അത്തരത്തിൽ സീനിയർ ഗ്രേഡ് കൃഷി അസിസ്റ്റന്റുമാരുടെ ഒഴിവുകൾ കണക്കാക്കാറില്ല. സീനിയർ ഗ്രേഡ് കൃഷി അസിസ്റ്റന്റ് തസ്തികയ്ക്ക് 'അസിസ്റ്റന്റ് കൃഷി ഓഫീസർ' എന്ന് പുനർ നാമകരണം നൽകുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |
| (സി) നിലവിൽ കൃഷി അസിസ്റ്റന്റ് ഗ്രേഡ് ഒന്ന് തസ്തികയുള്ള കൃഷി ഭവനുകൾ എത്ര; അവിടങ്ങളിൽ കൃഷി അസിസ്റ്റന്റ് ഗ്രേഡ് ഒന്ന് | (സി) കൃഷിഭവനുകളിൽ കൃഷി അസിസ്റ്റന്റ് ഗ്രേഡ് ഒന്നിനായി പ്രത്യേകം തസ്തിക സൃഷ്ടിച്ചിട്ടില്ല. ആയതിനാൽ അത്തരത്തിൽ ഒഴിവ് കണക്കാക്കാറില്ല. |

തസ്തികയിൽ എത്ര ഒഴിവുകൾ ഉണ്ട്;

| | | | |
|---|---|---|---|
| (ഡി) | നിലവിൽ ഒന്നിൽ കൂടുതൽ സീനിയർ ഗ്രേഡ് കൃഷി അസിസ്റ്റന്റുമാർ, കൃഷി അസിസ്റ്റന്റ് ഗ്രേഡ് ഒന്ന് എന്നീ വിഭാഗം കൃഷി അസിസ്റ്റന്റുമാർ ജോലി ചെയ്യുന്ന കൃഷി ഭവനുകൾ ഉണ്ടോ; | (ഡി) | ഉണ്ട്. |
| (ഇ) | മേൽ ജീവനക്കാരെ കൃഷി ഭവനുകളിൽ അതാതു തസ്തികകളിൽ തന്നെ നിയമിക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ഇ) | കൃഷി ഭവനുകളിൽ കൃഷി അസിസ്റ്റന്റുമാരുടെ തസ്തികകൾ ഗ്രേഡ് അനുസരിച്ചല്ല സൃഷ്ടിച്ചിരിക്കുന്നത്. ആയതിനാൽ നിലവിൽ ഇത്തരത്തിൽ നിയമനം നടത്തുന്നില്ല. |

സെക്ഷൻ ഓഫീസർ